"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുമരാമത്ത് വകുപ്പ്-കരമന കളിയിക്കാവിള പഴയ ദേശീയപാത 47 വികസനം- ഭൂമി ഏറ്റെടുക്കൽ- ബഹു. തിരുവനന്തപുരം ജില്ലാ കോടതിയിലെ/സബ്കോടതിയിലെ LAR 40/2018, 129/2015, 38/2015 എന്നിവയിലെ ഉത്തരവ്- തുക ഒടുക്കൽ ഭരണാനുമതി നൽകി ഉത്തരവാകുന്നു.

---

പൊതുമരാമത്ത് (ഡി) വകുപ്പ്

സ.ഉ.(സാധാ) നം.7/2026/PWD തീയതി,തിരുവനന്തപുരം, 03-01-2026

---

പരാമർശം:-

1. സഉ(സാധാ)നം.1470/2013/PWD തീയതി 08.11.2013
2. സഉ(അച്ചടി)32/2019/ധന തീയതി 18.03.2019
3. സഉ(സാധാ)നം.730/2019/PWD തീയതി 13.06.2019
4. സഉ(സാധാ)നം.961/2020/PWD തീയതി 24.11.2020
5. സഉ(സാധാ)നം.1732/2025/PWD തീയതി 05.11.2025
6. സഉ(സാധാ)നം.1802/2025/PWD തീയതി 14.11.2025
7. സഉ(സാധാ)നം.1835/2025/PWD തീയതി 28.11.2025
8. ദേശീയപാതാ വിഭാഗം ചീഫ് എഞ്ചിനീയറുടെ 06.11.2025 ലെ CEPWD/19727/2025-C3(F)-NH നം. കത്ത്.
9. ദേശീയപാതാ വിഭാഗം ചീഫ് എഞ്ചിനീയറുടെ 06.11.2025 ലെ CEPWD/20610/2025-C3(F)-NH നം. കത്ത്.
10. ദേശീയപാതാ വിഭാഗം ചീഫ് എഞ്ചിനീയറുടെ 06.11.2025 ലെ CEPWD/19727/2025-C3(F)-NH നം. കത്ത്.

**<u>ഉത്തരവ്</u>**

കരമന കളിയിക്കാവിള പഴയ ദേശീയപാത 47 ന്റെ Ch.570 / 000 മുതൽ 599/000 വരെ വീതികൂട്ടുന്നതിനായി പരാമർശം 1 ലെ ഉത്തരവ് പ്രകാരം 74 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പുതുക്കിയ ഭരണാനുമതി റദ്ദ് ചെയ്തതിനെത്തുടർന്ന് കരാറുകാരൻ കോടതിയെ

സമീപിക്കുകയും, ബഹുമാനപ്പെട്ട കോടതിയുടെ നിർദ്ദേശത്തെത്തുടർന്ന് പരാമർശം 3 പ്രകാരം 98,39,19,526/- രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകുകയും ചെയ്തിരുന്നു. കോടതി നിർദ്ദേശപ്രകാരം പുറപ്പെടുവിച്ച പരാമർശം 4 ഉത്തരവ് ഉൾപ്പെടെ കരമന കളിയിക്കാവിള പഴയ ദേശീയപാത വീതികൂട്ടലുമായി ബന്ധപ്പെട്ട് ആകെ 113,27,31,190/- രൂപയുടെ ഭരണാനുമതി നൽകിയിരുന്നു.

2.കരമന കളിയിക്കാവിള പഴയ ദേശീയപാത 47 ന്റെ വീതികൂട്ടലുമായി ബന്ധപ്പെട്ട എൽ.എ.ആർ കേസുകളിലെ കോടതി വിധി പ്രകാരം അനുവദിക്കാനുള്ള തുക ഉൾപ്പെടുത്തി പരാമർശം 7 ലെ ഉത്തരവ് പ്രകാരം മേൽ പ്രവൃത്തിക്ക് 134,76,58,495/- രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയിരുന്നു. ഈ പ്രവൃത്തിയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന LAR കേസുകളിൽ തിരുവനന്തപുരം ജില്ലാ കോടതിയുടെ/സബ് കോടതിയുടെ ഉത്തരവ് പ്രകാരം 2,31,98,894/- രൂപ അനുവദിക്കണം എന്ന് പരാമർശിത കത്തുകൾ പ്രകാരം ദേശീയപാത വിഭാഗം ചീഫ് എഞ്ചിനീയർ അഭ്യർത്ഥിച്ചിരുന്നു.

| | | |
|---|---|---|
| 40/2018 | തിരുവനന്തപുരം ജില്ലാ കോടതി | 16,90,754/- |
| 129/2015 | തിരുവനന്തപുരം സബ് കോടതി | 1,20,08,140/- |
| 38/2015 | തിരുവനന്തപുരം സബ് കോടതി | 95,00,000/- |
| | ആകെ | 2,31,98,894/- |

3.ഈ സാഹചര്യത്തിൽ LAR 40/2018, 129/2015, 38/2015 കേസുകളിൽ തിരുവനന്തപുരം ജില്ലാ കോടതിയുടെ/സബ്കോടതിയുടെ ഉത്തരവ് പ്രകാരം ഒടുക്കുവാനുള്ള 2,31,98,894/- രൂപ (രണ്ട് കോടി മുപ്പത്തൊന്ന് ലക്ഷത്തി തൊണ്ണൂറ്റെട്ടായിരത്തി എണ്ണൂറ്റി തൊണ്ണൂറ്റിനാല് രൂപ മാത്രം) ഉൾപ്പെടുത്തി കരമന കളിയിക്കാവിള പഴയ ദേശീയപാത 47 ന്റെ Ch.570 / 000 മുതൽ 599/000 വരെ വീതികൂട്ടുന്ന പ്രവൃത്തിക്ക് 137,08,57,389/- രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവാകുന്നു.

4. എൽ.എ.ആർ കേസുകൾക്ക് അനുവദിച്ച 2,31,98,894/- രൂപ 2025-26 സാമ്പത്തിക വർഷത്തിൽ '5054-01-800-97-പി (സി)' എന്ന ശീർഷകത്തിൽ വകയിരുത്തപ്പെട്ട തുകയിൽ നിന്ന് ചെലവാക്കാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

നിത എം

ജോയിന്റ് സെക്രട്ടറി

ചീഫ് എഞ്ചിനീയർ, ദേശീയപാതാ വിഭാഗം, തിരുവനന്തപുരം.

എക്സി.എഞ്ചിനീയർ (ദേശീയപാതാ)പൊതുമരാമത്ത് വകുപ്പ്, കൊല്ലം

ജില്ലാകളക്ടർ, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് (INPWC1/81/2025-FIN (E 3280937) date 24.11.2025)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.

ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ)

ഉത്തരവിൻ പ്രകാരം

Signed by
Rajesh M R
Date: 06-01-2026 10:26:07 സെക്ഷൻ ഓഫീസർ